# <u>പത്രക്കുറിപ്പ്</u>

പോലീസ് വകുപ്പിലെ പോലീസ് കോൺസ്റ്റബിൾ (IRB Commando wing) (Cat.No.136/2022) തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കായുള്ള കായിക ക്ഷമതാ പരീക്ഷ 08.12.2023 തീയതി രാവിലെ 5.00 മണി മുതൽ തുടർച്ചയായ ദിവസങ്ങളിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ വച്ച് നടത്തുന്നതാണ്. ശാരീരിക അളവെടുപ്പിൽ വിജയിക്കുന്ന ഉദ്യോഗാർത്ഥികളെ മാത്രമേ കായിക ക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിന് അനുവദിക്കുകയുള്ളൂ.

ഉദ്യോഗാർത്ഥികൾക്ക് കായിക ക്ഷമതാ പരീക്ഷയിലെ എല്ലാ ഐറ്റത്തിലും പങ്കെടുക്കാവുന്നതാണ്. വൺ സ്റ്റാർ നിലവാരത്തിലുള്ള കായിക ക്ഷമതാ പരീക്ഷയുടെ എട്ട് ഇനങ്ങളിൽ കുറഞ്ഞത് 5 ഇനങ്ങളിൽ യോഗ്യത നേടുകയും, കുറഞ്ഞത് 20 മാർക്കെങ്കിലും നേടുകയും ചെയ്താൽ മാത്രമേ കായിക ക്ഷമതാ പരീക്ഷ വിജയിച്ചതായി പ്രഖ്യാപിക്കുകയുള്ളൂ. കൂടുതൽ വിവരങ്ങൾക്ക് വിജ്ഞാപനം പരിശോധിക്കാവുന്നതാണ്.

ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് കായിക ക്ഷമതാ പരീക്ഷ തുടങ്ങുന്നതിന് പതിനഞ്ച് ദിവസം മുമ്പായി പ്രൊഫൈലിൽ ലഭ്യമാക്കുന്നതാണ്. ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ലഭിക്കുന്ന അഡ്മിഷൻ ടിക്കറ്റ്, ഒർജിനൽ ID Card, മെഡിക്കൽ സർട്ടിഫിക്കറ്റ്(attached to Admission Ticket) എന്നിവ സഹിതം രാവിലെ 5.00-ന് മുമ്പായി തന്നെ Admission Ticket-ൽ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് എത്തിച്ചേരേണ്ടതാണ്. നിശ്ചിത സമയത്തിന് ശേഷം (5.00 am) എത്തുന്ന ഉദ്യോഗാർത്ഥികളെ യാതൊരു കാരണവശാലും കായിക ക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. പരീക്ഷാ കേന്ദ്രങ്ങളുടെ മാറ്റം, തീയതി/സമയം മാറ്റം എന്നിവ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.